# സൽസ്വഭാവത്തിന്റെ സൽഫലങ്ങൾ

കബീർ എം. പറളി

ക്വുർആനിനെ അടിസ്ഥാനാധാരമായി ഉൾക്കൊള്ളുന്നവരുടെ മുഖമുദ്രയാണ് സൽസ്വഭാവം. വിശ്വാസികളുടെ വസ്ത്രമാണത്. ഭക്തിയും ദൈവബോധവുമുള്ളവരുടെ സതീർത്ഥ്യനും. പരമകാരുണികനായ റബ്ബിന്റെ തൃപ്തിയിലേക്ക്, അവന്റെ ജന്നത്തുരിദ്വാനിലേക്ക് കൊണ്ടെത്തിക്കുന്ന മാർഗമാണത്. പരലോകത്ത് കർമ്മങ്ങളുടെ തുലാസിൽ കനം തൂക്കുന്ന മഹൽ പ്രവർത്തനമാണ് സൽസ്വഭാവം.

ഒരു സൽസ്വഭാവിക്കേ നന്നായി സംസാരിക്കാൻ സാധിക്കൂ.
ഒരു സൽസ്വഭാവിക്കേ നന്നായി പ്രവർത്തിക്കാൻ സാധിക്കൂ.
ഒരു സൽസ്വഭാവിക്കേ നന്നായി മൗനം പാലിക്കാൻ സാധിക്കൂ.

സൽസ്വഭാവിക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ ബഹുമതി, അല്ലാഹു അവനെ ഇഷ്ടപ്പെടുന്നു എന്നതാണ്.

قال النبي صلى الله عليه وسلم : أحب عباد الله إلى الله أحسنهم خلقاً (رواه أحمد وابن ماجة وذكره الألباني في السلسة الصحيحة)

നബി(സ്വ) അരുളി: അല്ലാഹു വിന് അവന്റെ ദാസന്മാരിൽ ഏറെയിഷ്ടം അവരിലെ സൽസ്വഭാവികളെയാണ്. (അഹ്മദ്, ഇബ്നു മാജ. സിൽസിലത്തു സ്സ്വഹീഹയിൽ അൽ അൽബാനി പ്രസ്താവിച്ചത്).

അല്ലാഹുവിന്റെ ഇഷ്ടത്തിന് വിധേയനായ ഒരു ദാസൻ ആകാശ ഭൂമികളിലെ സകലരുടേയും സ്നേഹപാത്രമായിത്തീരുമെന്ന് പ്രവാചക തിരുമേനി(സ്വ) അരുളിയിട്ടുണ്ട്.

قال النبي صلى الله عليه وسلم: إذا أحب الله عبداً دعا جبريل فقال: إني أحبّ فلاناً فأحبه، فيحبه جبريل، ثم ينادي في السماء فيقول: إن الله يحب ّ فلاناً فأحبوه، فيحبه أهل السماء. ثم يوضع له القبول في الأرض... (رواه مسلم)

നബി(സ്വ) അരുളി: അല്ലാഹു ഒരു അടിമയെ ഇഷ്ടപ്പെടുമ്പോൾ അവൻ ജിബ്രീലിനെ വിളിച്ചു കൊണ്ട് പറയും; ഞാൻ ഇന്ന അടിമയെ സ്നേഹിക്കുന്നു നീയും അവനെ സ്നേഹിക്കുക. അപ്പോൾ ജിബ്രീൽ ആ അടിമയെ ഇഷ്ടപ്പെടുകയും ആകാശവാസികളെ വിളിച്ചുകൊണ്ട്, അല്ലാഹു ഇന്ന അടിമയെ സ്നേഹിക്കുന്നു, അതിനാൽ നിങ്ങളും അവനെ സ്നേഹിക്കുക എന്ന് ആഹ്വാനം നടത്തുകയും ചെയ്യും. അപ്പോൾ അവരെല്ലാം ആ അടിമയെ ഇഷ്ടപ്പെടുന്നതാണ്. തുടർന്ന് ഭൂമിയിൽ അവന് സ്വീകാര്യത സ്ഥാപിക്കപ്പെ ടുന്നതാണ്... (മുസ്ലിം)

സകലമാന മഹനീയ ഗുണങ്ങൾക്കും മാതൃകയായി നമ്മുടെ മുന്നിലുള്ള ഏക വ്യക്തിത്വം പ്രവാചക ശ്രേഷ്ഠൻ മുഹമ്മദ് നബി(സ്വ) മാത്രമാണ്. സൽസ്വഭാവങ്ങളുടെ ചന്തമാർന്ന മാതൃകയാണവിടുന്ന്. അല്ലാഹു സുബ്ഹാനഹു വ തആല തിരുമേനി(സ്വ)യെ പ്രകീർത്തി ച്ചുകൊണ്ട് പറഞ്ഞു:

وإنك لعلى خلق عظيم (القلم: 4)

തീർച്ച, നീ മഹത്തായ സ്വഭാവത്തിൽത്തന്നെയാകുന്നു. (ഖലം: 4)

സൽസ്വഭാവത്തിന്റെ മഹിമ വ്യക്തമാക്കുന്ന പ്രവാചകോക്തികൾ ഒരുപാടുണ്ട്. ഓരോ വിശ്വാസിയും സൽഗുണ സമ്പന്നനായിരിക്കണമെന്ന നിർദ്ദേശം അവിടുന്ന് എത്രയോ പ്രാവശ്യം പ്രാധാന്യപൂർവം നൽകിയിട്ടുണ്ട്.

اتق الله حيثما كنت، وأتبع السيئة الحسنة تمحها، وخالق الناس بخلق حسن (رواه أحمد وأبو داود وحينه الألباني)

നബി(സ്വ) അരുളി: എവിടെയായിരുന്നാലും ശരി നീ അല്ലാഹുവിനെ സൂക്ഷിക്കുക. തിന്മ ചെയ്തു പോയാൽ തുടർന്ന് അതിനെ മായ്ച്ചുകളയുന്ന നന്മ ചെയ്യാൻ ശ്രദ്ധകാണിക്കുക. ജനങ്ങളോട് ഏറ്റവും നല്ല സ്വഭാവത്തിൽ വർത്തിക്കുക. (അഹ്മദ്, അബൂദാവൂദ്. അൽ അൽബാനി ഹസനായി പ്രഖ്യാപിച്ചത്)

وعن عبد الله بن عمرو رضي الله عنه أن معاذ بن جبل رضي الله عنه أراد سفراً، فقال : يا رسول الله؛ أوصني. قال: "اعبد الله لا ترشك به شيئاً " قال: يا نبي الله ؛ زدني . قال: إذا أسأت فأحسن. قال: يا نبي الله ؛ زدني . قال: أستقم، وليحسن خلقك للناس." (رواه الطبراني، والحاكم، وحسنه الألباني)

അബ്ദുല്ലാഹ് ബ്ൻ അംറ്(റ) നിവേദനം. ഒരിക്കൽ മുആദ് ബ്ൻ ജബൽ(റ) യാത്രക്കൊരുങ്ങിയ സമയത്ത് നബി(സ്വ) സമീപിച്ച് കൊണ്ട് പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ഞാൻ യാത്രക്കൊരുങ്ങിയിരിക്കുന്നു. എനിക്കു വേണ്ട ഉപദേശങ്ങൾ തന്നാലും.
അവിടുന്ന് പറഞ്ഞു: നീ അല്ലാഹുവിനെ ആരാധിക്കുക, അവനിൽ യാതൊന്നിനേയും പങ്ക് ചേർക്കരുത്.
അദ്ദേഹം പറഞ്ഞു: ഇനിയും റസൂലേ.
അവിടുന്നരുളി: നീ തെറ്റു ചെയ്യാനിടവന്നാൽ നന്മ വർധിപ്പിക്കുക.
അദ്ദേഹം പറഞ്ഞു: ഇനിയും റസൂലേ.
അവിടുന്നരുളി: ദീനീ നിഷ്ഠയിൽ നേരെ നിലകൊള്ളുകയും ജനങ്ങളോടുള്ള പെരുമാറ്റത്തിൽ നിന്റെ സ്വഭാവത്തെ നന്നാക്കുകയും ചെയ്യുക. (ത്വബ്റാനി, ഹാകിം. അൽ അൽബാനി ഹസനായി പ്രഖ്യാപിച്ചത്)

സൽസ്വഭാവത്തിന്റെ പ്രാധാന്യം വിളിച്ചോതുന്ന പ്രസ്താവനകളാണ് മേലെ നാം വായിച്ച ഹദീസുകൾ.

നബി തിരുമേനി(സ്വ) അവിടുത്തെ പ്രവാചകത്വ ദൗത്യത്തിലേക്ക് വിരൽചൂണ്ടിക്കൊണ്ട് ഒരിക്കൽ പറഞ്ഞു:

إنما بعثت لأتمم مكارم الأخلاق (أخرجه الحاكم، والبيهقي، وصححه الألباني)

ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത് മഹനീയ സ്വഭാവങ്ങളുടെ പൂർത്തീകരണത്തിനു വേണ്ടിയാണ്. (ഹാകിം. ബൈഹകി. അൽ അൽബാനി സ്വഹീഹായി പ്രഖ്യാപിച്ചത്)

സൽസ്വഭാവമർഹിക്കുന്ന പ്രതിഫലത്തെ സംബന്ധിച്ചും, അതിന്റെ ഗുണപര്യവസാനത്തെ സംബന്ധിച്ചും, അത് ജീവിത്തിലുണ്ടാക്കുന്ന ഫലങ്ങളെ സംബന്ധിച്ചും നബി(സ്വ) ഒരുപാട് പറഞ്ഞിട്ടുണ്ട്.

## സൽസ്വഭാവം പുണ്യമാണ്

عن النواس بن سمعان رضي الله عنه قال : سألت رسول الله صلى الله عليه وسلم عن البرّ والإثم فقال : "البرّ حسن الخلق، والإثم ما حاك في صدرك، وكرهت أن يطلع عليه الناس." (رواه مسلم)

നവാസ് ബ്ൻ സംആൻ(റ) നിവേദനം. പാപ-പുണ്യങ്ങളെ സംബന്ധിച്ച് ഞാനൊരിക്കൽ പ്രവാചക തിരുമേനി(സ്വ)യോട് ചോദിച്ചു. അവിടുന്ന് പറഞ്ഞു: പുണ്യമെന്നാൽ സൽസ്വഭാവമാണ്. നിന്റെ ഹൃദയത്തിൽ ചൊറിച്ചിലുണ്ടാക്കുകയും, ജനങ്ങൾ കാണുന്നതിനെ നീ വെറുക്കുകയും ചെയ്യുന്ന പ്രവർത്തനമാണ് പാപം. (മുസ്ലിം)

പുണ്യത്തെ വിശദീകരിച്ച് കൊണ്ട് ഇബ്നുൽ ക്വയ്യിം(റ) എഴുതി: യഥാർത്ഥത്തിൽ പുണ്യമെന്നാൽ ഒരു വസ്തുവിൽ അനിവാര്യമായും ഉണ്ടാകേണ്ട നന്മകളുടെ സമ്പൂർണ്ണ തയാണ്. അല്ലാഹുവിന്റെ ദാസനിൽ കുടികൊള്ളേണ്ട മുഴുവൻ നന്മകളേയും ചൂഴ്ന്ന് നിൽക്കുന്ന പദമാണ് ബിർറ് അഥവാ പുണ്യം എന്നത്.

പുണ്യത്തിന്റെ വശങ്ങളെ അല്ലാഹു ക്വുർആനിൽ വിശദീകരിച്ച് തന്നിട്ടുണ്ട്.

ليس البر أن تولوا وجوهكم قبل المشرق والمغرب ولكن البر من آمن بالله واليوم الآخر والملآئكة والكتاب والنبيين وآتى المال على حبه ذوي القربى واليتامى والمساكين وابن السبيل والسائلين وفي الرقاب وأقام الصلاة وآتى الزكاة والموفون بعهدهم إذا عاهدوا والصابرين في البأساء والضراء وحين البأس أولئك الذين صدقوا وأولئك هم المتقون (البقرة: 177)

നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം. എന്നാൽ അല്ലാഹുവിലും, അന്ത്യദിനത്തിലും, മലക്കുകളിലും, വേദഗ്രന്ഥത്തിലും, പ്രവാചകന്മാരിലും വിശ്വസിക്കുകയും, സ്വത്തിനോട് പ്രിയമുണ്ടായിട്ടും അത് ബന്ധുക്കൾക്കും, അനാഥകൾക്കും, അഗതികൾക്കും, വഴിപോക്കന്നും, ചോദിച്ചു വരുന്ന വർക്കും, അടിമമോചനത്തിന്നും നൽകുകയും, പ്രാർത്ഥന (നമസ്കാരം) മുറപ്രകാരം നിർവഹിക്കുകയും, സകാത്ത് നൽകു കയും, കരാറിൽ ഏർപ്പെട്ടാൽ അത് നിറവേറ്റുകയും, വിഷമതകളും ദുരിതങ്ങളും നേരിടുമ്പോഴും, യുദ്ധരംഗത്തും ക്ഷമ കൈക്കൊള്ളുകയും ചെയ്തവരാരോ അവരാകുന്നു പുണ്യവാന്മാർ. അവരാകുന്നു സത്യം പാലിച്ചവർ. അവർ തന്നെയാകുന്നു (ദോഷബാധയെ) സൂക്ഷിച്ചവർ. (അൽബഖറ: 177)

അല്ലാഹുവിലും, അന്ത്യദിനത്തിലും, മലക്കുകളിലും, വേദഗ്രന്ഥത്തി ലും, പ്രവാചകന്മാരിലുമുള്ള വിശ്വസമാണ് പുണ്യമെന്ന് ക്വുർആൻ ഇവിടെ വ്യക്തമാക്കുന്നു. ഈമാനിന്റെ ഘടകങ്ങളിലെ അഞ്ചെണ്ണമാണ് അവ. മാത്രമല്ല, നമസ്കാരം മുറപ്രകാരം നിർവഹിക്കുക, സകാത്ത് നൽകുക, മറ്റു നിർബന്ധ മേഖലകളിൽ സമ്പത്ത് ചെലവഴിക്കുക തുടങ്ങിയ ദീനിലെ പ്രത്യക്ഷ കർമ്മങ്ങളും പുണ്യമായിട്ടാണ് അല്ലാഹു പഠിപ്പിക്കുന്നത്. വിഷമതകളിൽ ക്ഷമയവലംബിക്കുക, കരാർപാലനത്തിൽ ശ്രദ്ധയൂന്നുക തുടങ്ങിയ മനോ ധർമ്മങ്ങളേയും പുണ്യത്തിന്റെ പരിധിയിലാണ് എണ്ണിയിട്ടുള്ളത്.

ദീനിന്റെ ധർമ്മങ്ങൾ, മതനിയമങ്ങൾ, മനുഷ്യന്റെ ബാഹ്യവും ആന്തരികവുമായ കർമ്മങ്ങൾ, ഈമാനിന്റെ ഘടകങ്ങളിലെ അഞ്ചെണ്ണം എന്നിവ വിശദീകരിച്ചു കൊണ്ട് മേൽ സൂക്തത്തിലൂടെ അല്ലാഹു പറയുന്നത്; 'ഇതാകുന്നു യഥാർത്ഥത്തിൽ തക്വ്‌വ അഥവാ (ദോഷബാധയെ) സൂക്ഷിക്കൽ' എന്നാണ്.

ബിർറ് അഥവാ പുണ്യമെന്നാൽ ദീൻ മുഴുവനുമാണെന്ന് ഇതിൽ നിന്നും നാം മനസ്സിലാക്കുന്നു. അപ്പോൾ പുണ്യമെന്നാൽ സൽസ്വഭാവമാണെന്ന പ്രവാചക മൊഴിയെ ചിന്തിച്ചു നോക്കൂ. സൽസ്വഭാവമെന്നാൽ ദീൻ മുഴുവനുമാണെന്ന് സാരം.

സൽസ്വഭാവത്തിന്റെ മേന്മയെയും, അത് സത്യവിശ്വാസികൾക്ക് നൽകുന്ന ഫലങ്ങളേയും സുതരാം വ്യക്തമാക്കുന്ന പ്രവാചക വചനങ്ങളിലൂടെ നമുക്കല്പനേരം സഞ്ചരിക്കാം.

**തുലാസിൽ ഭാരം തൂങ്ങുന്നത്**

وعن أبي الدرداء رضي الله عنه أن النبي صلى الله عليه وسلم قال: "ما من شيء أثقل في ميزان المؤمن يوم القيامة من خلق حسن، وإن الله يبغض الفاحش البذيء." (رواه الترمذي وصححه الألباني)

അബുദ്ദർദാഅ്(റ) നിവേദനം. നബി(സ്വ) പറഞ്ഞു: ക്വിയാമത്ത് നാളിൽ ഒരു വിശ്വാസിയുടെ തുലാസിൽ കനംതൂക്കാൻ സൽസ്വഭാവത്തെപ്പോലെ മറ്റൊന്നില്ല. ചീത്തവൃത്തി ചെയ്യുന്നവനും ദുസ്വഭാവിയുമായവനോട് അല്ലാഹുവിന് കോപമാണ്. (തിർമുദി. അൽ അൽബാനി സ്വഹീഹായി പ്രഖ്യാപിച്ചത്)

**മനുഷ്യരിലെ ഉത്തമൻ**

وعن عبد الله بن عمرو بن العاص رضي الله عنه قال : لم يكن رسول الله صلى الله عليه وسلم فاحشاً ولا متفحشاً، وكان يقول: إن من خياركم أحسنكم أخلاقاً. (متفق عليه)

അബ്ദുല്ലാഹ് ബ്ൻ അംറ് ബ്ൻ ആസ്(റ) പറയുന്നു: നബി(സ്വ) ചീത്തവാക്കു പറയുന്ന വനോ ദുസ്വഭാവിയോ ആയിരുന്നില്ല. അവിടുന്ന് പറയുമായിരുന്നു: നിങ്ങളിൽ ഉത്തമനായവൻ ഉത്തമ സ്വഭാവം കാത്തുസൂക്ഷിക്കുന്നവനാണ്. (മുത്തഫഖുൻ അലൈഹി)

**സ്വർഗത്തിലേക്കുള്ള വഴി**

وعن أبي هريرة رضي الله عنه قال: سئل رسول الله صلى الله عليه وسلم عن أكثر ما يدخل الناس الجنة فقال : "تقوى الله وحسن الخلق"، وسئل عن أكثر ما يدخل الناس النار فقال: الفم والفرج." (رواه الترمذي، وحسنه الألباني)

അബൂ ഹുറയ്റ(റ) നിവേദനം ചെയ്ത് പറയുന്നു: സ്വർഗപ്രവേശനത്തിന് ഏറ്റവും കൂടുതൽ സാധ്യത നൽകുന്ന സംഗതിയേതാണെന്ന് പ്രവാചകൻ(സ്വ) ചോദിക്കപ്പെടുകയുണ്ടായി. നബി(സ്വ)യതിന് ഇങ്ങനെ മറുപടി പറഞ്ഞു: ''അല്ലാഹുവിലുള്ള തഖ്‌വയും സൽസ്വഭാവ വുമാണത്.'' നരകപ്രവേശനത്തിന് ഏറ്റവും കൂടുതൽ സാധ്യത നൽകുന്ന സംഗതിയേതാണെന്ന് പ്രവാചകൻ(സ്വ) ചോദിക്കപ്പെടുകയുണ്ടായി. അവിടുന്ന് പറഞ്ഞു: ''വായും ഗുഹ്യസ്ഥാനവുമാണ്.'' (തിർമുദി. അൽ അൽബാനി സ്വഹീഹായി പ്രഖ്യാപിച്ചത്)

**സൽസ്വഭാവിയുടെ പദവി**

وعن عائشة رضي الله عنها قالت : سمعت رسول الله صلى الله عليه وسلم يقول : "إن المؤمن ليدرك بحسن خلقه درجة الصائم القائم" (رواه أبو داود، وصححه الألباني)

ഉമ്മുൽ മുഅ്മിനീൻ ആയിഷ(റ) പറയുകയാണ്, പ്രവാചകനിൽ നിന്ന് ഞാനിപ്രകാരം കേൾക്കുകയുണ്ടായി; ''ഒരു സത്യവിശ്വാസിക്ക് തന്റെ സൽസ്വഭാവം കൊണ്ട്, (സദാ) വ്രതമനുഷ്ഠിക്കുകയും, നമസ്കരിക്കുകയും ചെയ്യുന്നവന്റെ പദവിയാർജ്ജിക്കാൻ കഴിയുന്നതാണ്.'' (അബൂദാവൂദ്. അൽ അൽബാനി സ്വഹീഹായി പ്രഖ്യാപിച്ചത്)

**ഈമാനിന്റെ പൂർണ്ണത**

وعن أبي هريرة رضي الله عنه عن النبي صلى الله عليه وسلم قال : "أكمل المؤمنين إيماناً أحسنهم خلقاً، وخياركم خياركم لنسائهم" (روه الترمذي، وصححه الألباني)

അബൂഹുറയ്റ(റ) യിൽ നിന്ന് നിവേദനം : റസൂൽ(സ്വ) അരുളി : ''അവരിൽവെച്ച് ഏറ്റവും സ്വഭാവവൈശിഷ്ട്യമുള്ളവരാണ് സത്യവിശ്വാസികളിൽ പരിപൂർണ്ണർ. നിങ്ങളിലുത്തമൻ തന്റെ സഹധർമ്മിണിയോട് നല്ലനിലയിൽ വർത്തിക്കുന്നവനുമാകുന്നു.'' (തിർമുദി. അൽ അൽബാനി സ്വഹീഹായി പ്രഖ്യാപിച്ചത്)

**ഇണങ്ങുന്നവരും ഇണക്കുന്നവരും**

وعن أبي سعيد الخدري رضي الله عنه عن النبي صلى الله عليه وسلم قال : أكمل المؤمنين إيماناً أحسنهم خلقاً، الموطؤون أكنافاً، الذين يألفون ويؤلفون، ولا خير فيمن لا يألف ولا يؤلف" (رواه الطبراني، وأبو نعيم، وحسنه الألباني)

അബൂ സഈദ് അൽ ഖുദ്‌രി (റ) നിവേദനം. നബി(സ്വ)യരുളി: ''വിശ്വാസികളിൽ ഈമാൻ സമ്പൂർണ്ണമായവൻ അവരിലെ സൽസ്വഭാവ ക്കാരനാണ്. ആളുകളുമായി അടുക്കുകയും അവരെ അടുപ്പിക്കുകയും ചെയ്യുന്ന വിനയാന്വിതരാണവർ. ജനങ്ങളോട് ഇണങ്ങാത്ത, അവരെ ഇണക്കാത്ത ഒരുത്തനിൽ യാതൊരു ഗുണവുമില്ല.' (ത്വബറാനി, അബൂ നഈം. അൽ അൽബാനി ഹസനായി പ്രഖ്യാപിച്ചത്)

**ഏറ്റവും നല്ല അനുഗ്രഹം**

وعن أسامة بن شريك رضي الله عنه عن النبي صلى الله عليه وسلم قال : "خير ما أعطي الناس: خلق حسن" (رواه أحمد، والنسائي، وصححه الألباني)

നബി(സ്വ)യിൽ നിന്നും ഉസാമത് ബ്ൻ ശരീക് നിവേദനം. പ്രവാചകനരുളി: ''ഉത്തമ സ്വഭാവമാണ് മനുഷ്യന് ലഭ്യമായ ഏറ്റവും നല്ല അനുഗ്രഹം.'' (അഹ്മദ്, നസാഈ. അൽ അൽബാനി സ്വഹീഹായി പ്രഖ്യാപിച്ചത്)

### സ്വർഗത്തിൽ ഉയർന്ന ഭവനം

وعن أبي أمامة رضي الله عنه قال : قال رسول الله صلى الله عليه وسلم "أنا زعيم بيت في ربض الجنة لمن ترك المراء، وإن كان محقاً، وبنت في وسط الجنة لمن ترك الكذب وإن كان مازحاً، وببيت في أعلى الجنة لمن حسن خلقه" (رواه أبو داود، والترمذي، وحسنه الألباني)

അബൂഉമാമ (റ)യിൽ നിന്ന് നിവേദനം. റസൂൽ (സ) അരുൾ ചെയ്തു: ''തർക്കം കൈവെടിയുന്നവന് സ്വർഗ്ഗത്തിന്റെ ഒരു ഭാഗത്ത് ഒരു ഭവനം നൽകാമെന്ന് ഞാനേൽക്കുന്നു. യഥാർത്ഥത്തിൽ അവൻ സത്യത്തിനുവേണ്ടി വാദിക്കുന്നവനാണെങ്കിലും. അപ്രകാരം തന്നെ കള്ളം, -തമാശരൂപത്തിലുള്ളതാണെങ്കിലും- ഉപേക്ഷിക്കുന്നവന് സ്വർഗ്ഗത്തിന്റെ നടുവിൽ ഒരു ഭവനം നൽകാമെന്നും ഞാനേൽക്കുന്നു. ഉത്തമസ്വഭാവിക്ക് സ്വർഗ്ഗത്തിന്റെ ഉപരിഭാഗത്ത് ഒരു ഭവനം നൽകാമെന്നും ഞാനേൽക്കുന്നു.'' (അബൂദാവൂദ്, തിർമുദി. അൽ അൽബാനി ഹസനായി പ്രഖ്യാപിച്ചത്)

### ഏറ്റവും ഉത്കൃഷ്ടർ

وعن أبي هريرة رضي الله عنه قال: قال رسول الله صلى الله عليه وسلم: "ألا أخبركم بخياركم؟" قالوا: بلى يا رسول الله! قال: "أطولكم أعماراً وأحسنكم أخلاقاً" (رواه أحمد، وصححه الألباني لغيره)

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. നബി(സ്വ) അരുൾ ചെയ്തു: ''നിങ്ങളിലെ ഉത്കൃഷ്ടർ ആരാണെന്ന് ഞാൻ പരിചയപ്പെടുത്തിത്തരട്ടെ?'' സ്വഹാബികൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, തീർച്ചയായും. നബി തിരുമേനി(സ്വ) അരുളി: ''നിങ്ങളിൽ ദീർഘായുസ്സ് ലഭിച്ചവരും, സദ്ഗുണനിഷ്ഠരുമാണ് നിങ്ങളിലെ ഉത്കൃഷ്ടർ.'' (അഹ്മദ്, നസാഈ. അൽ അൽബാനി സ്വഹീഹുൻ ലി ഗൈരിഹി ആയി പ്രഖ്യാപിച്ചത്)

### നല്ല മുസ്‌ലിം

وعن جابر بن سمرة رضي الله عنه قال كنت في مجلس فيه النبي صلى اله عليه وسلم وسمرة وأبو أمامة فقال : "إن الفحش والتفحش ليسا من الإسلام في شيء، وإن أحسن الناس إسلاماً أحسنهم خلقاً" (رواه أحمد، وحسنه الألباني)

ജാബിർ ബ്ൻ സംറ(റ) നിവേദനം. നബി തിരുമേനി(സ്വ)യും, സംറയും അബൂ ഉമാമയും ഉള്ള ഒരു സദസ്സിൽ ഞാൻ ഇരിക്കുകയായിരുന്നു. അപ്പോൾ അവിടുന്ന് പറഞ്ഞു: ''ദുഷിച്ച സ്വഭാവവും ചീത്ത വൃത്തിയും ഇസ്‌ലാമിൽ ഒരു കാര്യത്തിലും ഉള്ളതല്ല. ആളുകളിൽ ഏറ്റവും നല്ല മുസ്‌ലിം ഏറ്റവും നല്ല സ്വഭാവനിഷ്ഠയുള്ളവനാണ്.'' (അഹ്മദ്. അൽ അൽബാനി ഹസനായി പ്രഖ്യാപിച്ചത്)

### പ്രവാചക സാമീപ്യം

وعن جابر رضي الله عنه أن رسول الله صلى الله عليه وسلم قال : "إن من أحبكم إليّ وأقربكم مني مجلساً يوم القيامة أحسنكم أخلاقاً، وإن أبغضكم إليّ، وأبعدكم مني يوم القيامة: الثرثارون والمتشدقون والمتفيهقون " قالوا يا رسول الله ! ما المتفيهقون؟ قال: "المتكبرون" (رواه الترمذي، وحسنه الألباني)

ജാബിർ(റ)വിൽ നന്ന് നിവേദനം. റസൂൽ (സ്വ) പ്രവചിച്ചു: ''അന്ത്യദിനത്തിൽ നിങ്ങളിൽ വെച്ച് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടവരും സ്ഥാനം കൊണ്ട് എന്നോട് കൂടുതലടുത്തവരും നിങ്ങ

ളിൽവെച്ച് ഏറ്റവും ഉത്തമ സ്വഭാവികളാണ്. അന്ത്യദിനത്തിൽ നിങ്ങളിൽ വെച്ച് എന്നോട് ഏറ്റവും കോപമുള്ളവരും എന്നോടടുപ്പമില്ലാത്തവരും ധാരാളം സംസാരിക്കുന്നവരും (സർസാറൂൻ) ജനങ്ങളുടെമേൽ കുറ്റാരോപണം ചുമത്തുന്നവരും (മുതശദ്ദിഖൂൻ), മുതഫയ്ഹിഖീങ്ങളുമാകുന്നു.'' അവർ ചോദിച്ചു. പ്രവാചകരെ! മുതഫയ്ഹിഖുകൊണ്ടുള്ള വിവക്ഷയെന്താണ്? തിരുദൂതൻ(സ്വ) പറഞ്ഞു: ''മുതകബ്ബിറൂൻ അഥവാ അഹങ്കാരികൾ എന്നാണ് അതുകൊണ്ടുള്ള വിവക്ഷ.'' (തിർമുദി. അൽ അൽബാനി ഹസനായി പ്രഖ്യാപിച്ചത്)

**ജനഹൃദയത്തിലേക്കിറങ്ങാൻ**

وعن أبي هريرة رضي الله عنه قال: قال رسول الله صلى الله عليه وسلم "إنكم لن تسعوا الناس بأموالكم، ولكن يسعهم منكم بسط الوجه، وحسن الخلق" (رواه أبو يعلى، والبزار، وجوّده المنذري)

അബൂ ഹുറയ്റ(റ) നിവേദനം. നബി(സ്വ) അരുളി: ''ജനങ്ങളെ വശീകരിക്കാൻ നിങ്ങളുടെ ധനം കൊണ്ട് സാധ്യമല്ല. മുഖപ്രസന്നത കൊണ്ടും, സൽസ്വഭാവംകൊണ്ടും മാത്രമേ ജനങ്ങളെ വശീകരിക്കാനാകൂ.'' (അബൂ യഅ്‌ല, അൽ ബസ്സാർ. അൽ മുൻദിരി ജയ്യിദായി പ്രഖ്യാപിച്ചത്)

**സമ്പൂർണ്ണ മുഅ്മിൻ**

وعن عمير بن قتادة رضي الله عنه أن رجلاً قال : يا رسول الله أيّ الصلاة أفضل؟ قال : "طول القنوت" قال: فأيّ الصدقة أفضل؟ قال: "جهد المقلّ" قال: أيّ المؤمنين أكمل إيماناً؟ قال: "أحسنهم خلقاً" (رواه الطبراني، وصححه الألباني لغيره)

ഉമൈർ ബ്ൻ ഖതാദ(റ) നിവേദനം. ഒരു മനുഷ്യൻ വന്ന് കൊണ്ട് ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഏതുതരം നമസ്കാരമാണ് ഏറ്റവും ശ്രേഷ്ഠം? തിരുമേനി(സ്വ) പറഞ്ഞു: ''ഭക്തിപൂർവം ദീർഘമായി ഓതി നിർവഹിക്കപ്പെടുന്ന നമസ്കാരം.'' അയാൾ ചോദിച്ചു: ഏത് ധർമ്മമാണ് ഏറ്റവും ശ്രേഷ്ഠം? തിരുമേനി(സ്വ) പറഞ്ഞു: ''ദാരിദ്ര്യാവസ്ഥയിലും നൽകുന്ന ദാനം.'' അയാൾ ചോദിച്ചു: മുഅ്മിനുകളിൽ ആരാണ് സത്യ വിശ്വാസം സമ്പൂർണ്ണനായവൻ? തിരുമേനി(സ്വ) പറഞ്ഞു: ''അവരിലെ സൽസ്വഭാവികൾ.'' (ത്വബറാനി. അൽ അൽബാനി സ്വഹീഹുൻ ലിഗൈരിഹി ആയി പ്രഖ്യാപിച്ചത്)

**സാക്ഷാൽ സൗന്ദര്യം**

وعن انس رضي الله عنه عن النبي صلى الله عليه وسلم قال : "عليكم بحسن الخلق وطول الصمت، فوالذي نفسي بيده، ما تجمل الخلائق بمثلها" (رواه البزار، والطبراني وحسنه الألباني)

അനസ്(റ) നിവേദനം. നബി(സ്വ) അരുളി: ''നിങ്ങൾ സൽസ്വഭാവവും, ദീർഘമൗനവും കാത്തുസൂക്ഷിക്കുക. അല്ലാഹുവാണ, ഇത് രണ്ടും പോലുള്ള മറ്റൊന്നും മനുഷ്യന് സൗന്ദര്യം നൽകുന്നതായിട്ടില്ല.'' (അൽ ബസ്സാർ, ത്വബറാനി. അൽ അൽബാനി ഹസനായി പ്രഖ്യാപിച്ചത്)

**ഇമാം അഹ്‌ലുസ്സുന്ന അഹ്മദ് ബ്ൻ ഹമ്പൽ**

അഹ്‌ലുസ്സുന്നയുടെ ഇമാമായ അഹ്മദ് ബ്ൻ ഹമ്പൽ(റ), സൽസ്വഭാവത്തെ വിശദീകരിച്ചുകൊണ്ട് പറഞ്ഞ ഒരു അമൂല്യവചനം ഇമാം ബൈഹഖി ശഅ്ബുൽ ഈമാനി(14/131, 132)ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞു:

''സൽസ്വഭാവമെന്നാൽ, ഉത്കൃഷ്ടവും ഉദാത്തവുമായ കർമ്മങ്ങളോട് ആഭിമുഖ്യമുണ്ടാക്കുന്ന മനസ്സിന്റെ നിർമ്മലതയാണ്. അത് അല്ലാഹുവുമായി ബന്ധപ്പെട്ട കാര്യങ്ങളാകാം, സഹജീവികളുമായി ബന്ധപ്പെട്ട കാര്യങ്ങളുമാകാം.''

അല്ലാഹുവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സ്വഭാവനിഷ്ഠ കാണിക്കുക എന്നതിനെ ഇമാമവർകൾ വിശദീകരിച്ചിട്ടുണ്ട്: ''അല്ലാഹുവിന്റെ കൽപനകൾ സ്വീകരിക്കുന്നതിലും,

നിരോധങ്ങളിൽനിന്ന് അകന്നുനിൽക്കുന്നതിലും തുറന്ന മനസ്സുകാട്ടുക. അവൻ നിർബന്ധ മാക്കിയ കർമ്മങ്ങളെ മുഴുവൻ വിശുദ്ധമനസ്സോടെ പ്രാവർത്തികമാക്കുക. അവൻ നിഷിദ്ധമെന്ന് പ്രഖ്യാപിച്ച കാര്യങ്ങളെ സന്ദേഹലേശമെന്യേ ഒഴിവാക്കുക. അല്ലാഹുവിന്റെ പ്രീതി നേടിത്തരുന്ന ഐച്ഛികർമ്മങ്ങൾ ജീവിതത്തിലുൾക്കൊള്ളിക്കാൻ താത്പര്യ മെടുക്കുക, അനുവദനീയമാ യവയാണെങ്കിലും ശരി, അല്ലാഹുവിന്റെ പൊരുത്തം നേടാൻ അവ ഉപേക്ഷി ക്കുന്നതാണ് ഉത്തമമെങ്കിൽ അവയെ ജീവിതത്തിൽ നിന്ന് മാറ്റിനിർത്തുക തുടങ്ങിയവയെല്ലാം പടച്ചവനുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഒരുത്തൻ കാണിക്കുന്ന സ്വഭാവനിഷ്ഠകളാണ്.''

''ജനങ്ങളോട് സ്വീകരിക്കേണ്ട സ്വഭാവനിഷ്ഠകൾ അനവധിയുണ്ട്. ഏതൊരാളും സദാ ബന്ധപ്പെട്ട് കഴിയുന്ന തന്റെ സഹജീവികളോട് കാണിക്കുന്ന പെരുമാറ്റങ്ങളിലും സമീപന ങ്ങളിലുമാണ് അവ കൂടുതൽ തെളിഞ്ഞു നിൽക്കേണ്ടത്. ജനങ്ങളുടെ അവകാശങ്ങൾ വകവെച്ച് കൊടുക്കുന്നതിലും, അവരോടുള്ള ബാധ്യതകൾ നിർവഹിക്കുന്നതിലും വിശാലമനസ്കത കാണിക്കുന്നത് സൽസ്വഭാവമാണ്. രോഗിയായാൽ സന്ദർശിക്കുക, ദീർഘയാത്ര കഴിഞ്ഞെ ത്തിയാൽ സ്വീകരിക്കുക, സലാം പറഞ്ഞാൽ പ്രത്യഭിവാദ്യം ചെയ്യുക, സംസാരിക്കുമ്പോൾ നിശ്ശബ്ദത പാലിക്കുക, കടബാധ്യതക്കാരന് സാവകാശം നൽകുക, ആളുകൾ തന്നോട് എങ്ങിനെ പെരുമാറുന്നു, എങ്ങിനെ പ്രതികരിക്കുന്നു എന്ന് നോക്കാതെ അവരുടെ ആവശ്യ ങ്ങളിൽ സഹായിക്കുക, തുടങ്ങിയ കാര്യങ്ങൾ സൽസ്വഭാവങ്ങളാണെന്നതിൽ സംശയമില്ല. അല്ലാഹുവിന്റെ തൃപ്തിയും അവനിൽനിന്നുള്ള പ്രതിഫലവും നേടിത്തരുന്ന പുണ്യമാണവ.''

ഇത്രയും വായിച്ചതിൽ നിന്ന് സത്യവിശ്വാസികളിൽ കുടികൊള്ളേണ്ട സൽസ്വഭാവത്തിന്റെ ആവശ്യകതയെ സംബന്ധിച്ചും അതിന്റെ ശ്രേഷ്ഠതയെ സംബന്ധിച്ചും നാം ഗ്രഹിച്ചിരി ക്കും. ഐഹികവും പാരത്രികവുമായ നേട്ടങ്ങളും സ്വർഗപ്രാപ്തിതന്നെയും സൽസ്വഭാവങ്ങളിലൂ ടെയാണ് സത്യവിശ്വാസികൾക്ക് സിദ്ധമാകുന്നത് എന്ന വസ്തുത മഹാനായ പ്രവാചകന്റെ വിശുദ്ധ വചനങ്ങളിലൂടെയും സച്ചരിതരായ സലഫിന്റെ പ്രോക്തന ങ്ങളിലൂടേയും വ്യക്തമാവു കയാണ്. ഉൽകൃഷ്ടസ്വഭാവങ്ങളുടെ ഉടമകളാകാൻ സർവ്വശക്തൻ അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

(**هل تريد بيتاً في الجنة** എന്ന ലഘുകൃതിയുടെ സ്വതന്ത്രാവിഷ്കാരം)